## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5056

22.05.2017 ൽ മറുപടിക്ക്

## തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിലെ അധ്യാപകരുടെ നിയമന അംഗീകാരം

**ചോദ്യം**
**ശ്രീ. അനിൽ അക്കര**

**മറുപടി**
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജിൽ മാനേജ്മെന്റ് നിയമനം നല്കിയ ഏതെങ്കിലും അധ്യാപകർക്ക് യൂണിവേഴ്സിറ്റിയുടെ നിയമന അംഗീകാരം ലഭിക്കേണ്ടതുണ്ടോ; അവരുടെ പേരു വിവരം ലഭ്യമാക്കാമോ; | (എ) | ഉണ്ട്<br><br>അവരുടെ പേരു വിവരം<br>1. ശ്രീമതി. മായ.എസ്, അസിസ്റ്റന്റ് പ്രൊഫസർ, ഫിലോസഫി<br>2. ശ്രീ. ബിജു.കെ.പി. ,അസിസ്റ്റന്റ് പ്രൊഫസർ, ഫിലോസഫി<br>3. ശ്രീ. കണ്ണൻ.കെ.എൻ.,അസിസ്റ്റന്റ് പ്രൊഫസർ പൊളിറ്റിക്കൽ സയൻസ്<br>4. ശ്രീമതി.അർച്ചന അരവിന്ദൻ, അസിസ്റ്റന്റ് പ്രൊഫസർ, കൊമേഴ്സ്<br>5. ശ്രീമതി. സൗമ്യ ശ്രീധർ.വി., അസിസ്റ്റന്റ് പ്രൊഫസർ, കൊമേഴ്സ്<br>6. ശ്രീമതി. ദീപ്തി.പി.വി., അസിസ്റ്റന്റ് പ്രൊഫസർ, കൊമേഴ്സ്<br>7. ശ്രീ. അരുൺകുമാർ.പി.എം., അസിസ്റ്റന്റ് പ്രൊഫസർ, കൊമേഴ്സ്<br>8. ശ്രീ.സുനിൽകുമാർ.പി., അസിസ്റ്റന്റ് പ്രൊഫസർ, സുവോളജി<br>9. ശ്രീ. പ്രശാന്ത്.സി.ബി., അസിസ്റ്റന്റ് പ്രൊഫസർ, സ്റ്റാറ്റിസ്റ്റിക്സ് |
| (ബി) | നാലു വർഷത്തിലേറെയായി ഈ കോളേജിൽ ജോലി ചെയ്തുവരുന്ന ഡോ. മായ .എസ് എന്ന അധ്യാപികയുടെ നിയമനകാര്യത്തിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള | (ബി) | ഡോ.മായ. എസ്. എന്ന അധ്യാപികയുടെ നിയമനകാര്യത്തിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് 16-01-2017 ൽ കാലിക്കറ്റ് സർവ്വകലാശാല കൈപ്പറ്റിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ ഉത്തരവനുസരിച്ച് |

| | | | |
|---|---|---|---|
| | ഉത്തരവ് എന്നാണ് യൂണിവേഴ്സിറ്റി കൈപ്പറ്റിയിട്ടുള്ളത്; ഈ ഉത്തരവ് പ്രകാരം ഇതിന്റെ നടപടിക്രമങ്ങൾ ബഹു. ഹൈക്കോടതി നിശ്ചയിച്ചിട്ടുള്ള കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കുമോ; | | സർവ്വകലാശാല നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം വിഷയങ്ങളാണ് പരിശോധിക്കുന്നത്; | (സി) & (ഡി) | പ്രസ്തുത കോടതി വിധിയുടെ അടിസ്ഥാനത്തിൽ അധ്യാപക നിയമനത്തിനായി സെലക്ഷൻ കമ്മറ്റി തയ്യാറാക്കിയ മിനുട്സും, നൽകിയ മാർക്കിന്റെ ടാബുലേഷൻ ഷീറ്റും, അനുബന്ധ രേഖകളും പ്രസ്തുത കാലത്തെ ഗൈഡ് ലൈൻ പ്രകാരമാണോ എന്ന് പരിശോധിക്കാൻ സർവ്വകലാശാല സിൻഡിക്കേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ചു, കാലിക്കറ്റ് സർവ്വകലാശാല മെയ് 6 നു ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ ഡോ.മായ. എസ്., ഡോ. ബിജു.കെ.പി., എന്നിവരുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിശദമായ പരിശോധനയ്ക്കായി ഡോ.സി.അബ്ദുൽ മജീദ് കൺവീനറായും ശ്രീ.കെ.കെ.ഹനീഫ, അഡ്വ.പി.എം.നിയാസ്, ഡോ.കെ.എം.നസീർ, ഡോ.സി.സി.ബാബു എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | കാലിക്കറ്റ് സർവ്വകലാശാലയുടെ മേയ് 6 ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ ഡോ.മായയുടെ നിയമനകാര്യത്തിൽ എടുത്ത തീരുമാനം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച് കൂടുതൽ പരിശോധനയ്ക്ക് സ്റ്റാൻഡിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങളുടെ പേരു വിവരം വെളിപ്പെടുത്തുമോ? | | |

Priya

സെക്ഷൻ ഓഫീസർ